D.C. 18/12/21

1

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 1135(2)/2019/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 21150/SIC-G6/2019 )**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.സി. റോക്കി,
പ്രസിഡന്റ്, വികലാംഗ ശബ്ദം,
ഈസ്റ്റ് ചേരാനല്ലൂർ (പി.ഒ),
കൂവപ്പടി – 683 544. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് ഓഫീസ്,
മാവേലി ഭവൻ, മാവേലി റോഡ്,
ഗാന്ധിനഗർ, കൊച്ചി – 682 020. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 31/10/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14/11/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 21/12/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 23/12/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29/01/2020 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി : | 17/11/2021 |
| സ്ഥലം : | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺഹാൾ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി (അഡ്വ. ഷാനവാസ്) |
| എതിർകക്ഷി | ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. പി.സി. റോക്കി, 21/12/2019 തീയതി സമർപ്പിച്ച പരാതി 23/12/2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 1135(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 31/10/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ കേരളത്തിലെ മോഡേൺ റൈസ് മില്ലുകൾക്ക് സിവിൽ സപ്ലൈസ് വകുപ്പ് വഴി നെല്ല് ശേഖരിച്ച് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്ന സംവിധാനത്തിന്റെ താഴെ പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1. സപ്ലൈക്കോയിൽ നിന്നും 2019-20-ൽ എത്ര റൈസ് മില്ലുകൾക്കാണ് പാലക്കാട് ജില്ലയിലെ വിവിധ പാടശേഖരങ്ങളിൽ നിന്നും നെല്ല് ശേഖരിക്കുവാൻ അനുവാദം നൽകിയിട്ടുള്ളതെന്നും
2. അനുവദിച്ചിരിക്കുന്ന റൈസ് മില്ലുകളുടെ പൂർണ്ണവിലാസം ജില്ലയുടെ പേരുകൾ ഉൾപ്പെടുത്തി അനുവദിച്ചുതരുമല്ലോ എന്നും
3. ഓരോ ജില്ലയിലും ഇങ്ങനെ അനുവദിച്ചിരിക്കുന്ന പാട ശേഖരങ്ങളുടെ വിസ്തൃതി ഹെക്റ്റർ ആർ എന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. എതിർകക്ഷി 23/01/2021-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഫീസ് ഒടുക്കുന്നതിന് നിർദ്ദേശം നൽകുന്ന കത്ത് 14/11/2019-ന് അയച്ചുവെങ്കിലും അപേക്ഷകന്റെ ഭാഗത്ത് നിന്നും യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ ആണ് മറുപടി നൽകാത്തത് എന്നാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ടിയാൻ തുക ഒടുക്കി അസൽ ചെല്ലാൻ ഹാജരാക്കുന്ന മുറയ്ക്ക് രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരാതി ഹർജിക്കാരന് നൽകുന്നതാണെന്ന എതിർകക്ഷിയുടെ വാദം കമ്മീഷൻ അംഗീകരിയ്ക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 17–ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV